(സി) കെ.എസ്.ഇ.ബി.-യിലേയും റവന്യൂ വകുപ്പിലേയും ഉദ്യോഗസ്ഥർ യോഗം ചേർന്ന് ഇക്കാര്യം ചർച്ച ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി.-യിൽനിന്നും 2,73,23,672 രൂപ റവന്യൂ വകുപ്പിന് ലഭിക്കാനുള്ള സാഹചര്യത്തിൽ വില്ലേജ് ഓഫീസുകളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്നത് ഒഴിവാക്കാനും വിച്ഛേദിച്ചവ പുനഃസ്ഥാപിക്കാനും ബോർഡ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സർക്കാർ സ്വരൂപിച്ച ഭൂനികുതി

17 [2182] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി സ്വരൂപിച്ച ഭൂനികുതിയുടെ വിശദാംശങ്ങൾ പറയാമോ;

(ബി) ഭൂനികുതി പിരിച്ചെടുക്കുന്നതിൽ ഗൗരവമായ കാലവിളംബം ഉണ്ടാകുന്നതായും, അതുകാരണം ഭീമമായ നികുതി കുടിശ്ശിക ഉണ്ടാകുന്നതായും സർക്കാർ ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) ഭൂനികുതി സമയബന്ധിതമായി പിരിച്ചെടുക്കുവാൻ സർക്കാർ എന്തെങ്കിലും മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ സാമ്പത്തികവർഷം കുടിശ്ശിക ഉൾപ്പെടെയുള്ള നികുതി പിരിവ് സമ്പൂർണ്ണമാക്കാൻ കഴിയുമെന്നുറപ്പ് വരുത്തുമോ?

ഉത്തരം

(എ) കഴിഞ്ഞ മൂന്നുവർഷങ്ങളായി സ്വരൂപിച്ച ഭൂനികുതിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

വർഷം		*ആകെ തുക (ലക്ഷത്തിൽ)*
2001-02	..	2090.74
2002-03	..	2292.81
2003-04	..	2560.89
		6944.44

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) 20-12-2004 മുതൽ 31-3-2005 വരെയുള്ള കാലയളവ് ഊർജിതപിരിവ് യത്നത്തിനുള്ള കാലമായി (16-12-2004-ൽ സർക്കാർ ഉത്തരവ് നമ്പർ 5176/04/ ആർഡി) പ്രഖ്യാപിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും ദൈനംദിന പിരിവ് പുരോഗതി അവലോകനം ചെയ്യാൻ മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) ഈ സാമ്പത്തിക വർഷം ജനുവരി 31 വരെ 2194.32 ലക്ഷം രൂപ പിരിച്ചെടുത്തിട്ടുണ്ട്. കുടിശ്ശിക ഉൾപ്പെടെയുള്ള നികുതി പൂർണ്ണമായി പിരിച്ചടുക്കുവാനുള്ള ഊർജ്ജിത ശ്രമം നടത്തിവരുന്നു.

സംസ്ഥാന ഭവന നിർമ്മാണ ബോർഡ് പദ്ധതികൾ

18 [2187] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് 2004-2005 സാമ്പത്തിക വർഷത്തിൽ പ്രസ്തുത മേഖലയിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇതിനായി എന്ത് തുക നീക്കിവച്ചെന്ന് വിശദമാക്കാമോ;

(ബി) ഇതിനകം ഏതെല്ലാം പദ്ധതികൾ പൂർത്തീകരിച്ചെന്നും അതിനായി എന്തു തുക ചെലവഴിച്ചെന്നും വിശദമാക്കാമോ;

(സി) സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സർക്കാർ അനുമതി വാങ്ങാതെ സ്വകാര്യ ബാങ്കിൽ പണം നിക്ഷേപിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് 46.32 ലക്ഷം രൂപയുടെ നഷ്ടം സർക്കാരിന് സംഭവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇതുമായി ബന്ധപ്പെട്ട് സർക്കാർ ബോർഡിനോട് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദീകരണം ലഭിച്ചിട്ടുണ്ടോ; അതിൻമേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) (1) വായ്പാ പദ്ധതി:

(i) സുരക്ഷാ പദ്ധതി

(2) പൊതു ഭവന നിർമ്മാണ പദ്ധതി:

(ii) ആക്കുളം ടൗൺഷിപ്പ്

LIBRARY ARCHIVES Kerala Legislative Assembly